ഉത്തരം

(എ) 8-12-1996-ൽ.

(ബി) ഉദ്ദേശം 5 കോടി രൂപ. (അഞ്ചു കോടി രൂപ) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു.

(സി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന കാര്യത്തെക്കുറിച്ച് കോർപ്പറേഷൻ തീരുമാനങ്ങൾ എടുത്തിട്ടില്ല. കടമുറികളും വാണിജ്യാവശ്യങ്ങൾക്കുള്ള സ്ഥലവും ലേലം ചെയ്തു കിട്ടുന്ന പലിശരഹിത ഡെപ്പോസിറ്റുകൾ ഉപയോഗപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്.

(ഡി) ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുവേണ്ടി പ്ലാൻ തയ്യാറാക്കുവാൻ കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നു. പ്രസ്തുത സ്ഥാപനം തയ്യാറാക്കിയ രൂപരേഖ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിക്കാതിരുന്നതുകൊണ്ട് കാസർകോട് ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഭേദഗതി വരുത്തിയ പുതിയ ബിൽഡിംഗ് വിവരം അനുസരിച്ച് രൂപരേഖ വീണ്ടും തയ്യാറാക്കി കാസർകോട് മുനിസിപ്പൽ കൗൺസിലിന് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ സ്ട്രക്ച്ചുറൽ ഡിസൈൻ - ഉം വിശദമായ എസ്റ്റിമേറ്റും കെ. എസ്. ആർ. ടി. സി. തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ഇ) വിശദമായ എസ്റ്റിമേറ്റും ഡിസൈനും ലഭ്യമായതിനുശേഷം ദർഘാസ് ക്ഷണിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് ഉദ്ദേശം നാലു മാസത്തെ സമയം പ്രതീക്ഷിക്കുന്നു.

ബസ് സർവ്വീസ്

34 (818) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നിയിൽ നിന്നും പത്തനംതിട്ട-ശിവകാശി വഴി മധുരയ്ക്ക് ഇന്റർസ്റ്റേറ്റ് സൂപ്പർഫാസ്റ്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ബാംഗ്ലൂർക്ക് സർവീസില്ലാത്ത ഏക ജില്ലയായ പത്തനംതിട്ടയിൽ നിന്നും റാന്നി, കോട്ടയം, പാലാ, തൊടുപുഴ, മൂവാറ്റുപുഴ വഴി ബാംഗ്ലൂർക്ക് ഒരു ഹൈ-ടെക് ബസ് സർവീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) റാന്നി താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കുവാൻ റീ കണ്ടീഷൻ ചെയ്ത മൂന്ന് ഓർഡിനറി ബസുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തേക്കടിയിൽ നിന്നും റാന്നി, അടൂർ വഴി തിരുവനന്തപുരത്തേയ്ക്ക് വൈകുന്നേരം ഒരു സൂപ്പർ എക്സ്പ്രസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കേരളത്തിലെ ഏറ്റവും വലിയ നിയോജകമണ്ഡലമായ റാന്നിയിൽ ജോയിന്റ് ആർ. ടി. ഓഫീസ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഈ ഓഫീസ് എന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അന്തർ സംസ്ഥാന സർവീസുകൾ ബന്ധപ്പെട്ട സർക്കാരുകൾ തമ്മിലുള്ള കരാർ പ്രകാരമാണ് നടത്തുന്നത്. നിലവിലുള്ള കരാറനുസരിച്ച് പ്രസ്തുത റൂട്ടുകളിൽ സർവീസു നടത്തുവാൻ നിർവാഹമില്ല.

(സി) പരിശോധിച്ച് യാത്രാക്ലേശം പരിഹരിക്കുവാൻ ആവശ്യമെങ്കിൽ റീ കണ്ടീഷൻ ചെയ്ത ബസുകൾ അനുവദിക്കുന്നതാണ്.

(ഡി) പുതിയ ദീർഘദൂര സൂപ്പർ എക്സ്പ്രസ്/സൂപ്പർ ഫാസ്റ്റ് സർവീസുകൾ ആരംഭിക്കുവാൻ പെർമിറ്റ് ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ട്. ഈ റൂട്ടിൽ പുതിയ സൂപ്പർഫാസ്റ്റ് തുടങ്ങുവാൻ നിർവാഹമില്ല.

(ഇ) ഇപ്പോൾ നടപടികൾ ഒന്നും പരിഗണനയിലില്ല.

പുതിയ ബസ് സർവ്വീസ്

35 (822) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മരുതൂർ ആരാധനാ നഗർ റസിഡൻസ് അസോസിയേഷൻ ബസ് സർവീസിനെ സംബന്ധിച്ച് 2000 മേയ് മൂന്നാം തീയതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഉള്ളൂർ പഞ്ചായത്ത് കോർപ്പറേഷനായ സ്ഥിതിയ്ക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ഇപ്പോൾ നാലാഞ്ചിറ വരെ വന്നുപോകുന്ന എല്ലാ ബസുകളും ചിറ്റാഴ വരെ വന്നുപോകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) നിലവിൽ വാഹനസൗകര്യം കുറവായ മണ്ണന്തല, മരുതൂർ, ആരാധനാ നഗർ മലപ്പുറിക്കോണം വഴി പൗഡിക്കോണം വരെ വന്നുപോകുന്ന ഒരു പുതിയ ബസ് സർവ്വീസ് തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പരാതി കെ. എസ്. ആർ. ടി. സി. യിൽ ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നാലാഞ്ചിറയിൽ ഒരു കോളേജും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉള്ളതുകൊണ്ട്, വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം കെ. എസ്. ആർ. ടി. സി. ചില ട്രിപ്പുകൾ നാലാഞ്ചിറ വരെ നടത്തുന്നുണ്ട്. ഇവ ചിറ്റാഴ വരെ നീട്ടുവാൻ നിർവാഹമില്ല.

(ഡി) പുതിയ സർവ്വീസ് തുടങ്ങുവാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly